**മധുരമായ കുട്ടികളേ – നിങ്ങൾ ബാബയിൽ നിന്ന് ഭക്തിയുടെ ഫലം എടുക്കുവാൻ വന്നിരിക്കുന്നു, ആരാണോ വളരെ അധികം ഭക്തി ചെയ്തിട്ടുള്ളത് അവർ ജ്ഞാനത്തിൽ മുന്നേറും.**

**ചോദ്യം:–** കലിയുഗീ രാജ്യത്തിൽ സത്യയുഗീ രാജ്യത്തിൽ ഇല്ലാത്ത ഏത് രണ്ട് കാര്യങ്ങളുടെ ആവശ്യകതയാണുള്ളത് ?
**ഉത്തരം:–** കലിയുഗീ രാജ്യത്തിൽ 1) മന്ത്രി 2) ഗുരു ഇവരുടെ ആവശ്യകതയുണ്ട്. സത്യയുഗത്തിൽ ഇവർ രണ്ടുപേരും ഉണ്ടായിരിക്കില്ല. അവിടെ ആരുടേയും നിർദ്ദേശം സ്വീകരിക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ സത്യയുഗീ രാജ്യം സംഗമത്തിൽ ബാബയുടെ ശ്രീമതത്തിലൂടെയാണ് സ്ഥാപിതമാകുന്നത്. ഇങ്ങനെയുള്ള ശ്രീമതമാണ് ലഭിക്കുന്നത് അത് 21 തലമുറകളിൽ കൂടെ തന്നെ ഉണ്ടായിരിക്കും, മാത്രമല്ല അവിടെ എല്ലാവരും തന്നെ സദ്ഗതിയിലുമായിരിക്കും അതിനാൽ ഗുരുവിന്റെ ആവശ്യവുമില്ല.

**ഓം ശാന്തി**. ഓം ശാന്തിയുടെ അർത്ഥം എന്താണ്? സ്വധർമ്മത്തിൽ ഇരിക്കൂ, അഥവാ സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ഇരിക്കൂ എങ്കിൽ ശാന്തമായി ഇരിക്കാം. ഇതിനെയാണ് പറയുന്നത് സ്വധർമ്മത്തിൽ ഇരിക്കുക. ഭഗവാന്റെ വാക്കുകളാണ്– സ്വധർമ്മത്തിൽ ഇരിക്കൂ. നിങ്ങളുടെ അച്ഛൻ നിങ്ങളെ പഠിപ്പിക്കുന്നു. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത പഠിപ്പ് പഠിപ്പിക്കുന്നു, എന്തുകൊണ്ടെന്നാൽ ബാബ പരിധിയില്ലാത്ത സുഖം നൽകുന്നവനാണ്. പഠിപ്പിലൂടെ സുഖം ലഭിക്കുകയല്ലേ. ഇപ്പോൾ ബാബ പറയുകയാണ് സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ഇരിക്കൂ. നിങ്ങളെ വജ്ര സമാനമാക്കുവാൻ പരിധിയില്ലാത്ത ബാബ വന്നിരിക്കുകയാണ്. ദേവീ–ദേവതമാർ വജ്രസമാനമാണ്. അവർ എപ്പോഴാണ് ആകുന്നത്? ഇത്രയും ഉയർന്ന പുരുഷോത്തമരായി എങ്ങെനെമാറി? ഇത് ഒരേയൊരു ബാബക്കല്ലാതെ മറ്റാർക്കും പറയുവാൻ കഴിയില്ല. നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാകുന്നു. വീണ്ടും നിങ്ങൾക്ക് ദേവതയാകണം. ബ്രാഹ്മണർക്കാണ് കുടുമ കാണിക്കുന്നത്. നിങ്ങൾ ശൂദ്രനിൽ നിന്ന് ബ്രാഹ്മണനായിരിക്കുന്നു. നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്, ശരീര വംശാവലികൾ അല്ല. കലിയുഗികൾ എല്ലാവരും ശരീര വംശാവലികളാണ്. സന്യാസി, ഋഷി, മുനി, സാധകർ എല്ലാവരും ദ്വാപരയുഗം മുതൽ ശരീര വംശാവലികളാണ്. ഇപ്പോൾ കേവലം നിങ്ങൾ പ്രജാപിതാ ബ്രഹ്മാകുമാർ–കുമാരിമാർ മാത്രമാണ് മുഖവംശാവലിയാകുന്നത്. നിങ്ങളുടേത് സർവ്വോത്തമ കുലമാണ്, ദേവതമാരേക്കാളും ഉത്തമം, എന്തുകൊണ്ടെന്നാൽ നിങ്ങളെ പഠിപ്പിക്കുന്നതിന്, മനുഷ്യനെ ദേവതയാക്കുന്ന ബാബ വന്നിരിക്കുന്നു. ഭക്തി മാർഗ്ഗത്തിലുള്ളവർ ഇവിടേയ്ക്ക് വരില്ല, ജ്ഞാന മാർഗ്ഗത്തിലുള്ളവർ മാത്രമേ വരികയുള്ളൂ, ഇത് ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. പരിധിയില്ലാത്ത ബാബയിൽ നിന്ന് ഭക്തിയുടെ ഫലം എടുക്കുവാൻ നിങ്ങൾ വന്നിരിക്കുന്നു. ഇപ്പോൾ ഭക്തിയുടെ ഫലം ആർക്ക് ലഭിക്കും? ആരാണോ ഏറ്റവും കൂടുതൽ ഭക്തി ചെയ്തത്, അവർ കല്ലുബുദ്ധിയിൽ നിന്ന് പവിഴ ബുദ്ധിയുള്ളവരാകുന്നു. അവർ വന്ന് ജ്ഞാനം എടുക്കും, എന്തുകൊണ്ടെന്നാൽ ഭക്തിയുടെ ഫലം ഭഗവാന് വന്ന് നൽകണം. ഇത് നല്ല രീതിയിൽ മനസ്സിലാക്കേണ്ട കാര്യമാണ്. ഇപ്പോൾ നിങ്ങൾ കലിയുഗിയിൽ നിന്ന് സത്യയുഗി, വികാരിയിൽ നിന്ന് നിർവികാരിയാകുന്നു. അഥവാ പുരുഷോത്തമനാകുന്നു. ലക്ഷ്മി–നാരായണനെപ്പോലെയാകുവാൻ നിങ്ങൾ വന്നിരിക്കുന്നു. ഇവർ ഭഗവാൻ – ഭഗവതിയാണെങ്കിൽ തീർച്ചയായും ഇവരെ ഭഗവാൻ തന്നെ പഠിപ്പിച്ചിരിക്കും. ഭഗവാന്റെ വാക്കുകളാണ്, പക്ഷേ ഭഗവാൻ എന്ന് ആരെയാണ് പറയുന്നത്, ഭഗവാൻ തീർച്ചയായും ഒന്നേയുള്ളൂ, നൂറും–ആയിരവും ഭഗവാൻ ഇല്ല. കല്ലിലും, മുള്ളിലും ഇല്ല. ബാബയെ അറിയാത്തതു കാരണം ഭാരതം എത്ര ദരിദ്രമായി. ഇപ്പോൾ കുട്ടികൾ അറിയുന്നുണ്ട് ഭാരതത്തിൽ ഈ ലക്ഷ്മി–നാരായണന്റെ രാജധാനിയുണ്ടായിരുന്നു. നിങ്ങൾ രാജധാനിയുടെ അധികാരിയാകുന്നതിന് വേണ്ടി ഇവിടെ വന്നിരിക്കുന്നു. രാജധാനി ഇപ്പോൾ ഇല്ലല്ലോ. ഭാരതത്തിൽ ഇവരുടെ രാജ്യമായിരുന്നു. കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് എപ്പോഴാണോ ഈ ദേവീ–ദേവതമാരുടെ രാജധാനിയായിരുന്നത്, സൂര്യവംശി, ചന്ദ്രവംശികൾ ഉണ്ടായിരുന്നത് അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. പിന്നീട് ഈ സമയം എല്ലാധർമ്മങ്ങളും ഉണ്ട്, ആ ധർമ്മം മാത്രമില്ല. അത് ഫൗണ്ടേഷനാണ്, അതിനെത്തന്നെയാണ് തായ്ത്തടിയെന്ന് പറയുന്നത്. ഈ സമയം മനുഷ്യ സൃഷ്ടി വൃക്ഷത്തിന്റെ തായ്ത്തടി ജീർണ്ണിച്ചിരിക്കുന്നു. ബാക്കി എല്ലാം നിൽക്കുന്നുണ്ട്. ഇപ്പോൾ അതിന്റെ മുഴുവൻ ആയുസ്സും പൂർത്തിയായി. ഇത് മനുഷ്യ സൃഷ്ടിയാകുന്ന വൈവിദ്ധ്യമായ വൃക്ഷമാണ്. നാമം, രൂപം, ദേശം, കാലം എന്നിവ അനേകാനേകമല്ലേ. എത്ര വലിയ വൃക്ഷമാണ്. ബാബ മനസ്സിലാക്കിത്തരികയാണ് കൽപ–കൽപം ഈ വൃക്ഷം ജീർണ്ണിച്ച്

തമോപ്രധാനമാകുമ്പോൾ വീണ്ടും ബാബ വരുന്നു. നിങ്ങൾ ബാബയെ വിളിച്ചിരുന്നു – അല്ലയോ ബാബാ വരൂ, വന്ന് ഞങ്ങളെ പതീതത്തിൽ നിന്ന് പാവനമാക്കൂ. അല്ലയോ പതീത–പാവനാ എന്ന് പറയുമ്പോൾ നിരാകാരനായ ബാബയെയാണ് ഓർമ്മ വരുന്നത്. സാകാരി ശരീരധാരിയെ ഒരിക്കലും ഓർമ്മ വരില്ല. പതീത–പാവനൻ സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. എപ്പോഴാണോ സത്യയുഗമായിരുന്നത് അപ്പോൾ നിങ്ങളുടെ സദ്ഗതിയായിരുന്നു. ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിൽ ഇരിക്കുന്നു, ബാക്കി എല്ലാവരും കലിയുഗത്തിലും ഇരിക്കുന്നു. നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ഉത്തമനിലും ഉത്തമ പുരുഷൻ അഥവാ ഉയർന്നതിലും ഉയർന്നത് ഒരേയൊരു ഭഗവാനാണ് എന്ന് പാടുന്നു. ഭഗവാന്റെ പേരും ഉയർന്നത്, വീടും ഉയർന്നതാണ്. ഉയർന്നതിലും ഉയർന്ന പരമധാമത്തിലല്ലേ വസിക്കുന്നത്. ഇത് വളരെ സഹജമായി മനസ്സിലാക്കേണ്ട കാര്യമാണ്. സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം, പിന്നീട് സംഗമയുഗം. പക്ഷേ ഇതിനെ ആർക്കും അറിയില്ല. ഡ്രാമയിൽ ഈ ഭക്തി മാർഗ്ഗവും ഉണ്ടാക്കപ്പെട്ടിരിക്കന്നു. ബാബാ ഈ ഭക്തി മാർഗ്ഗം എന്തിന് ഉണ്ടാക്കി, ഒരിക്കലും ഇങ്ങനെ പറയാൻ കഴിയില്ല. ഇത് അനാദിയാണ്. ബാബ ഇരുന്ന് നിങ്ങൾക്ക് ഈ ഡ്രാമയുടെ രഹസ്യം മനസ്സിലാക്കിത്തരുന്നു. ബാബ സൃഷ്ടിച്ചു, അപ്പോൾ ചോദിക്കും എപ്പോൾ സൃഷ്ടിച്ചു! ബാബ പറയുന്നു ഇത് അനാദിയാണ്. എപ്പോൾ ആരംഭിച്ചു, ഈ ചോദ്യത്തിന് പോലും പ്രസക്തിയില്ല. ഒരുപക്ഷേ ഇന്ന സമയം മുതൽ ആരംഭിച്ചു എന്ന് പറയുകയാണെങ്കിൽ, അപ്പോൾ ചോദിക്കും എപ്പോൾ അവസാനിക്കും! പക്ഷേ അങ്ങനെയല്ല, ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കും. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെ ചിത്രവും ഉണ്ടാക്കാറുണ്ട്. ഇവർ ദേവതമാരാണ്. ത്രിമൂർത്തികളെ കാണിക്കുന്നു, പക്ഷേ അതിൽ ഉയർന്നതിലും ഉയർന്നതായ ശിവബാബയെ കാണിക്കുന്നില്ല. ശിവബാബയെ പ്രത്യേകം കാണിക്കണം. ബ്രഹ്മാവിലൂടെ സ്ഥാപന, അത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ തന്റെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. രാജധാനിയിൽ എല്ലാ പ്രകാരത്തിലുമുള്ള പദവിയും ഉണ്ട്. പ്രസിഡന്റ്, പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവരെല്ലാവരും നിർദ്ദേശം നൽകുന്നതിന് വേണ്ടിയാണ്. പക്ഷേ സത്യയുഗത്തിൽ നിർദ്ദേശം നൽകാൻ ആരുടേയും ആവശ്യമില്ല. ഇപ്പോൾ നിങ്ങൾക്ക് ഏതൊരു നിർദ്ദേശമാണോ അഥവാ ഏത് ശ്രീമതമാണോ ലഭിക്കുന്നത്, അത് അവിനാശിയായി മാറും. ഇപ്പോൾ നോക്കൂ നിർദ്ദേശം നൽകുന്നവർ എത്രമാത്രമാണ്. ഒരുപാട് ഉണ്ട്. പണമെല്ലാം ചിലവഴിച്ച് മന്ത്രിയാകുന്നു – നിർദ്ദേശം നൽകുന്നതിന് വേണ്ടി. ഗവൺമെന്റ് പോലും പറയുന്നു ഇവർ അഴിമതിക്കാരാണ്, വളരെയധികം വിഴുങ്ങുന്നു. ഇത് കലിയുഗമാണ്. സത്യയുഗത്തിൽ ഇങ്ങനെ ഒന്നും തന്നെയില്ല. മന്ത്രിയുടെ ആവശ്യം പോലും അവിടെ ഇല്ല. ബാബയുടെ ഈ ശ്രീമതം 21 ജന്മം ഉണ്ടായിരിക്കും. നിങ്ങളുടെ സദ്ഗതിയുണ്ടാകും. അതിനാൽ അവിടെ ഗുരുവിന്റെ ആവശ്യവും ഇല്ല. സത്യയുഗത്തിൽ ഗുരുവും ഇല്ല, മന്ത്രിയും ഇല്ല. അവിനാശിയായി 21 ജന്മത്തേക്ക്, 21 – തലമുറക്ക് വേണ്ടി ഇപ്പോൾ നിങ്ങൾക്ക് ശ്രീമതം ലഭിക്കുന്നു. പ്രായമാകുമ്പോൾ ശരീരം ഉപേക്ഷിച്ച് കുട്ടിയാകും. സർപ്പം ഒരു തോൽ ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നതുപോലെ.

ബാബ മനസ്സിലാക്കിത്തരികയാണ് മധുര – മധുരമായ കുട്ടികളേ, നിങ്ങൾ ബ്രാഹ്മണ, ബ്രാഹ്മണിമാരാണ്. സിക്ക് മതഗ്രന്ഥത്തിലും പഠിക്കുന്നു, കേൾക്കുന്നു സർവ്വരുടേയും അഴുക്ക് നിറഞ്ഞ വസ്ത്രം വൃത്തിയാക്കുന്നവനേ... ഭഗവാനെയാണ് വിളിക്കുന്നത് വരൂ ഞങ്ങൾ അഴുക്ക് വസ്ത്രമായിരിക്കുന്ന ആത്മാക്കളെ വന്ന് വൃത്തിയാക്കൂ. ഞങ്ങൾ എല്ലാ ആത്മാക്കളുടേയും പിതാവേ, വന്ന് ഞങ്ങളുടെ വസ്ത്രത്തെ ശുദ്ധമാക്കൂ. ശരീരത്തെയല്ല വൃത്തിയാക്കുന്നത്, ആത്മാവിനെയാണ്, എന്തുകൊണ്ടെന്നാൽ ആത്മാവ് പതിതമായി. പതിത ആത്മാക്കളെ വന്ന് പാവനമാക്കൂ. അതിനാൽ ബാബ മനസ്സിലാക്കിത്തരികയാണ് മധുര–മധുരമായ കുട്ടികളേ ബാബക്ക് ഇവിടെ വരിക തന്നെ വേണം. ബാബ തന്നെയാണ് ജ്ഞാനസാഗരം, പവിത്രതയുടെ സാഗരം. നിങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് എടുക്കുന്നു. പരിധിയുള്ള അച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്ത് ലഭിക്കുന്നു. പരിധിയുള്ള സമ്പത്തിൽ ദു:ഖം കൂടുതലാണ്, അതിനാലാണ് ബാബയെ ഓർമ്മിക്കുന്നത്. അളവറ്റ ദു:ഖമാണ്. ബാബ മനസ്സിലാക്കിത്തരികയാണ് ഈ അഞ്ച് വികാരങ്ങളാകുന്ന രാവണൻ നിങ്ങളുടെ ഏറ്റവും വലിയ ശത്രുവാണ്. ഇത് ആദി–മദ്ധ്യ–അന്ത്യം ദു:ഖം നൽകുന്നു. അല്ലയോ മധുരമായ കുട്ടികളേ, ഈ ജന്മം ബ്രാഹ്മണനായി കാമവികാരത്തിനു മേൽ വിജയം നേടുകയാണെങ്കിൽ ജഗത്ജീത്താകും. നിങ്ങൾ ദേവതയാകുന്നതിന് വേണ്ടി പവിത്രത ധാരണ ചെയ്യുന്നു. ആദി സനാതന ധർമ്മത്തിന്റെ സ്ഥാപന ചെയ്യുവാൻ നിങ്ങൾ വന്നിരിക്കുന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇതിൽ പുരുഷാർത്ഥം ചെയ്ത് പാവനമാകണം. കൽപം മുൻപ് സൂര്യവംശീ, ചന്ദ്രവംശീ രാജധാനിയിൽ എത്രപേർ പാവനമായോ, അവർ തീർച്ചയായും ഇപ്പോഴും ആകും. സമയം എടുക്കുമല്ലോ. ബാബ യുക്തി വളരെ സഹജമായി പറഞ്ഞുതരുന്നു. ഇപ്പോൾ നിങ്ങൾ ബാബയുടെ കുട്ടികളായിരിക്കുന്നു. ഇവിടെ നിങ്ങൾ ആരുടെ അടുത്താണ് വന്നിരിക്കുന്നത്? ഇത് നിരാകാരനാണ്. ബാബ ഈ ശരീരം ലോൺ എടുത്തിരിക്കുന്നു. സ്വയം പറഞ്ഞുതരികയാണ്, ഇത് ബ്രഹ്മാവിന്റെ ഒരുപാട് ജന്മങ്ങളുടെ അന്തിമ ജന്മത്തിന്റേയും അന്തിമ

സമയമാണ്. അതിനാൽ ഇത് ഏറ്റവും പഴയ ശരീരമായിരിക്കുന്നു. ബാബ രാവണന്റെ പഴയ ആസുരീയ ലോകത്തിൽ, തന്റെ ജന്മങ്ങളെക്കുറിച്ചുപോലും അറിയാത്ത ഒരുവന്റെ ശരീരത്തിലാണ് വരുന്നത്. ഇത് ഒരുപാട് ജന്മങ്ങളുടെ അന്തിമ ജന്മമാണ്. എപ്പോഴാണോ ബ്രഹ്മാവിന്റെ വാനപ്രസ്ഥ അവസ്ഥ, അപ്പോൾ ബാബ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. വാനപ്രസ്ഥ അവസ്ഥയിലാണല്ലോ ഗുരുക്കന്മാരെ നേടുന്നത്. 60 വയസ്സ് കഴിഞ്ഞാൽ അടി കിട്ടും എന്ന് പറയാറുണ്ടല്ലോ. വീട്ടിലിരുന്നാൽ മക്കളിൽ നിന്നും അടികിട്ടും അതിനാൽ വീട്ടിൽ നിന്നും ഓടുന്നു. മക്കൾ ഇങ്ങനെയാണ് അച്ഛനെപ്പോലും വടികൊണ്ട് അടിക്കുന്നതിൽ മടിക്കില്ല. ഒന്ന് മരിച്ചിരുന്നെങ്കിൽ സ്വത്ത് ഞങ്ങൾക്ക് കിട്ടുമായിരുന്നു എന്ന് പറയും. വാനപ്രസ്ഥികൾക്ക് ഒരുപാട് സത്സംഗങ്ങളുണ്ട്. നിങ്ങൾ അറിയുന്നുണ്ട് സർവ്വരുടേയും സദ്ഗതി ദാതാവ് ഒന്നാണ്, ആ ദാതാവ് സംഗമയുഗത്തിൽ വരുന്നു. സത്യയുഗത്തിൽ നിങ്ങൾ സദ്ഗതിയിലായിരിക്കുമ്പോൾ ബാക്കി എല്ലാവരും ശാന്തിധാമത്തിലായിരിക്കും. ബാബ സർവ്വരുടേയും സദ്ഗതി ദാതാവാണ്. ബാബക്കല്ലാതെ മറ്റാർക്കും സദ്ഗതി ദാതാവാകാൻ കഴിയില്ല. ആർക്കും ശ്രീ ആക്കുവാനോ, ശ്രീ ശ്രീ ആകുവാനോ കഴിയില്ല. ശ്രീ അർത്ഥം ശ്രേഷ്ഠം, അത് ദേവതമാരാണ്. അവരെ ശ്രീലക്ഷ്മി ശ്രീനാരായണനെന്ന് പറയുന്നു. അവരെ അങ്ങനെ ആക്കുന്നത് ആരാണ്? ശ്രീ ശ്രീ എന്ന് ശിവബാബയെ പറയുക തന്നെ വേണം. ബാബ ഇപ്പോൾ തെറ്റുകൾ തെളിയിച്ച് പറഞ്ഞുതരികയാണ്, അതായത് നിങ്ങൾ ഇത്രയും ഗുരുക്കന്മാരെ സ്വീകരിച്ചു, വീണ്ടും അങ്ങനെ തന്നെ സംഭവിക്കും. നിങ്ങൾ വീണ്ടും അതേ ഗുരുവിനെ സ്വീകരിക്കും. ചക്രം വീണ്ടും ആവർത്തിക്കും. നിങ്ങൾ സ്വർഗ്ഗത്തിൽ വസിക്കുമ്പോൾ അത് സുഖധാമമാണ്. അവിടെ സുഖം, ശാന്തി എല്ലാം ഉണ്ട്. അവിടെ കലഹങ്ങളോ മറ്റോ ഒന്നും തന്നെ ഉണ്ടാകില്ല. ബാക്കി എല്ലാവരും തന്നെ ശാന്തിധാമത്തിലേക്ക് പോകും. സത്യയുഗത്തിന് ലക്ഷക്കണക്കിന് വർഷമുണ്ടെന്ന് പറയുന്നു. ബാബ പറയുന്നു ലക്ഷക്കണക്കിന് വർഷത്തിന്റെ കാര്യമൊന്നും തന്നെയില്ല. ഇത് അയ്യായിരം വർഷത്തിന്റെ കാര്യമാണ്. പറയുന്നുമുണ്ട് മനുഷ്യന്റെ 84-ജന്മം. ദിനം-പ്രതിദിനം ഏണിപ്പടി താഴേക്ക് ഇറങ്ങി തമോപ്രധാനമായി. അതിനാൽ ബാബ മനസ്സിലാക്കിത്തരികയാണ്- ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. അഭിനേതാവായിട്ടും നാടകത്തിന്റെ രചയിതാവ്, ഡയറക്ടർ, മുഖ്യ ആക്ടർ എന്നിവരെ അറിയില്ലെങ്കിൽ എന്തു പറയും. ബാബ പറയുന്നു ഈ പരിധിയില്ലാത്ത നാടകത്തെ ഒരു മനുഷ്യനും അറിയുന്നില്ല. ഇത് ബാബ വന്ന് മനസ്സിലാക്കിത്തരുന്നു. പറയുന്നു - ശരീരം എടുത്ത് പാർട്ട് അഭിനയിക്കുന്നു, അപ്പോൾ നാടകമാണല്ലോ. നാടകത്തിലെ മുഖ്യ ആക്ടർ ആരാണ്? ആർക്കും അറിയില്ല. ഈ നാടകം എങ്ങനെയാണ് പേനിനെപ്പോലെ അരിച്ച് പോകുന്നത് ഇത് നിങ്ങൾ കുട്ടികൾ അറിയുന്നു. ടിക്-ടിക് പൊയ്ക്കൊണ്ടിരിക്കുന്നു. മുഖ്യമായിട്ടുള്ളത് ഉയർന്നതിലും ഉയർന്ന ബാബയാണ്, ആ ബാബ വന്ന് മനസ്സിലാക്കിത്തരുന്നു, സർവ്വരുടേയും സദ്ഗതിയും ചെയ്യുന്നു. സത്യയുഗത്തിൽ മറ്റാരും തന്നെയില്ല, വളരെക്കുറച്ചേയുള്ളൂ അവർ തന്നെയാണ് ഏറ്റവും അധികം ഭക്തി ചെയ്തതും. പ്രദർശിനി, മ്യൂസിയം എന്നിവിടെയെല്ലാം നിങ്ങളുടെ അടുത്തേയ്ക്ക് വരുന്നത് വളരെ ഭക്തി ചെയ്തവർ തന്നെയാണ്. ഒരു ശിവഭഗവാന്റെ ഭക്തി ചെയ്യുക - ഇതിനെത്തന്നെയാണ് പറയുന്നത് അവ്യഭിചാരീ ഭക്തി. പിന്നീട് ഒരുപാടുപേരുടെ ഭക്തി ചെയ്ത് വ്യഭിചാരിയായി മാറി. ഇപ്പോൾ പൂർണ്ണമായും തമോപ്രധാന ഭക്തിയാണ്. ആദ്യം സതോപ്രധാന ഭക്തിയായിരുന്നു. പിന്നീട് ഏണിപ്പടി താഴേക്ക് ഇറങ്ങി തമോപ്രധാനമായി. ഇങ്ങനെയുള്ള അവസ്ഥയാകുമ്പോൾ എല്ലാവരേയും സതോപ്രധാനമാക്കുവാൻ ബാബ വരുന്നു. ഈ പരിധിയില്ലാത്ത ഡ്രാമയെയും ഇപ്പോഴാണ് നിങ്ങൾ അറിയുന്നത്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം

## ധാരണയ്ക്കുളള മുഖ്യ സാരം:-

1. പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് എടുക്കുന്നതിന് വേണ്ടി തീർച്ചയായും പാവനമാകണം. ഇപ്പോൾ പവിത്രതയുടെ സമ്പത്ത് എടുക്കൂ അതായത് കാമവികാരത്തിന് മേൽ വിജയം നേടൂ എങ്കിൽ ജഗത് ജീത്താകും.

2. പരിധിയില്ലാത്ത ബാബയിൽ നിന്ന് പഠിപ്പ് പഠിച്ച് സ്വയത്തെ കക്കയിൽ നിന്ന് വജ്രസമാനമാക്കണം. പരിധിയില്ലാത്ത സുഖം എടുക്കണം. ലഹരി ഉണ്ടായിരിക്കണം - മനുഷ്യനെ ദേവതയാക്കുന്ന ബാബ ഇപ്പോൾ നമ്മുടെ സന്മുഖത്തുണ്ട്, ഇപ്പോൾ നമ്മുടേത് സർവ്വോത്തമ ബ്രാഹ്മണ കുലമാണ്.

**വരദാനം:– ജ്ഞാനസമ്പന്ന ദാതാവായി മാറി സർവ്വാത്മാക്കളെയും പ്രതി ശുഭചിന്തകരായി മാറുന്ന ശ്രേഷ്ഠ സേവാധാരിയായി ഭവിക്കട്ടെ.**

ശുഭചിന്തകരായി മാറുന്നതിനുള്ള വിശേഷ ആധാരം ശുഭചിന്തനമാണ്. ആര് വ്യർത്ഥചിന്തനമോ പരചിന്തനമോ നടത്തുന്നുവോ അവർ ശുഭചിന്തകരാവുകയില്ല. ശുഭചിന്തക മണികളുടെ കൈവശം ശുഭചിന്തനത്തിന്റെ ശക്തിശാലിയായ ഖജനാവ് സദാ നിറഞ്ഞിരിക്കും. നിറവിന്റെ കാരണത്താൽ തന്നെയാണ് മറ്റുള്ളവരെപ്രതി ശുഭചിന്തകരാകാൻ കഴിയുന്നത്. ശുഭചിന്തകർ അർത്ഥം സർവ്വ ജ്ഞാനരത്നങ്ങളാൽ നിറഞ്ഞിരിക്കും. അങ്ങനെയുള്ള ജ്ഞാന സമ്പന്ന ദാതാവ് തന്നെയാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും ഓരോരുത്തരുടെയും സേവനം ചെയ്തുകൊണ്ട് ശ്രേഷ്ഠസേവാധാരിയാകുന്നത്.

**സ്ലോഗൻ: വിശ്വ രാജ്യാധികാരിയാകണമെങ്കിൽ വിശ്വ പരിവർത്തനക്കാര്യത്തിൽ നിമിത്തമാകൂ.**